## പതിനാലാം കേരള നിയമസഭ
## (FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും
# (HEALTH AND FAMILY WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
## (2016-2017)

## FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2016-2017)

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th September, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

ഒന്നാമത് റിപ്പോർട്ട്

(2016-2017)

FIRST REPORT ON THE SCRUTINY OF

DEMANDS FOR GRANTS

(2016-2017)

810/2016.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

# സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

## (2016-2018)

### ഘടന

ചെയർപേഴ്സൺ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. വി. എസ്. ശിവകുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി 26-7-2016, 4-8-2016 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥനനമ്പർ XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX —കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXX —ഭക്ഷ്യം (2236 പോഷകാഹാരം)

മേൽപ്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2016 ആഗസ്റ്റ് മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് - 52 97, 35, 65, 000 രൂപ

ചാർജ്ജ് ചെയ്തത് - 17, 26, 000 രൂപ

## ആരോഗ്യ വകുപ്പ്

2210-01-001-95-34- മോണിറ്ററിംഗ് സെൽ മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനവും കമ്പ്യൂട്ടറൈസേഷനും (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 26 ലക്ഷം രൂപ

1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും, കമ്പ്യൂട്ടറുകളും സ്കാനറുകളും നെറ്റ് വർക്കിംഗ് അക്സസറികളും വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-14 - പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം - 360 ലക്ഷം രൂപ (പ്ലാൻ)

(2) സംസ്ഥാനത്തെ 17 ആശുപത്രികളിൽ പത്ത് ഡയാലിസിസ് മെഷീനോടുകൂടിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ ഇനങ്ങളിലായി ഒരു യൂണിറ്റിന് 3.6 കോടി രൂപ ചെലവ് വരുമെന്ന് സമിതി വിലയിരുത്തുന്നു. ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 6120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-15-കൊല്ലം, എറണാകുളം, കോഴിക്കോട് ആശുപത്രികളിൽ കാത്ത് ലാബും, ഐ.സി.യു വും സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം - 1100 ലക്ഷം രൂപ (പ്ലാൻ)

(3) ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങൾ കണക്കിലെടുത്ത് കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബും ഐ.സി.യു യൂണിറ്റും ആരംഭിക്കുന്നതിനായി ഓരോ ആശുപത്രിയുടെയും അടിസ്ഥാന സൗകര്യവികസനം, അവശ്യതസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ നിർവ്വഹിക്കുന്നതിനും പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളിൽ പദ്ധതി പൂർത്തീകരണത്തിനായും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 6000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-35-ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം - 2375 ലക്ഷം രൂപ (പ്ലാൻ)

(4) സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നടപ്പിലാക്കുക, ആരോഗ്യ വകുപ്പ് കാര്യാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ നവീകരിക്കുക, ആശുപത്രിയിലേക്കുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 1625 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-47- <u>ദേശീയ ഡിപ്ലോമാറ്റ് ബോർഡ്</u>

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

5) ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ഡിപ്.എൻ.ബി. കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ സ്റ്റൈപ്പന്റ് ഇനത്തിൽ 31.71 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ടെന്നും സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ, വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റും, കുടിശ്ശികയും കൂടി നൽകുവാൻ നിലവിൽ വകയിരുത്തിയ വിഹിതം പര്യാപ്തമല്ല എന്നും സമിതി വിലയിരുത്തുന്നു. **ആകയാൽ 35 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

4210-01-110-66 - <u>സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികൾ</u>

ബഡ്ജറ്റ് വിഹിതം - 1830 ലക്ഷം രൂപ (പ്ലാൻ)

(6) തലശ്ശേരിയിൽ പുതിയതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും അവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമായി **ഈ ശീർഷകത്തിൽ 5000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

4210-01-110-74-<u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ</u>

ബഡ്ജറ്റ് വിഹിതം - 4826 ലക്ഷം രൂപ (പ്ലാൻ)

(7) നടപ്പുവർഷം ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനും കോഴിക്കോട് പണിയാനുദ്ദേശിക്കുന്ന റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന്റെ നിർമ്മാണത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള **തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 893 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

2210-01-110-83- മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം - 121 ലക്ഷം രൂപ (പ്ലാൻ)

(8) കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-83 -മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം:

05-1-വെള്ളക്കരം- 5.5 ലക്ഷം രൂപ (നോൺപ്ലാൻ)

05-2- വൈദ്യുതി ചാർജ്ജ്-17.4 ലക്ഷം രൂപ (നോൺപ്ലാൻ)

(9) ആശുപത്രിയുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും മൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-83-05-1 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയും 2210-01-110-83-05-2 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-99 - ആശുപത്രികളും ഡിസ്പെൻസറികളും

ബഡ്ജറ്റ് വിഹിതം - 61675.65 ലക്ഷം രൂപ (നോൺപ്ലാൻ)

10) കാഷ്വാലിറ്റികളില്ലാത്ത താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് 148 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ

തസ്തികയും, തൊടുപുഴ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന്റെ ആവശ്യത്തിലേക്കായി 15 അധിക തസ്തികയും സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1060.90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-99-05-1- ആശുപത്രികളും ഡിസ്പെൻസറികളും-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: 25.63 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-01-110-99-05-2- വൈദ്യുതിചാർജ്ജ്

ബഡ്ജറ്റ് വിഹിതം: 57.12 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-01-110-99-34-1 - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 333.96 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-01-110-99-34-2 - വൈദ്യുതി ചാർജ്

ബഡ്ജറ്റ് വിഹിതം : 476.62 ലക്ഷം രൂപ (നോൺ പ്ലാൻ)

11. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-99-05-1 എന്ന ശീർഷകത്തിൽ 8.6 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 91.10 ലക്ഷം രൂപയും 2210-01-110-99-34-1 എന്ന ശീർഷകത്തിൽ 340.50 ലക്ഷം രൂപയും 2210-01-110-99-34-2 എന്ന ശീർഷകത്തിൽ 470.76 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99 -ആശുപത്രികളും ഡിസ്പെൻസറികളും, ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ

ബഡ്ജറ്റ് വിഹിതം - 28527.72 ലക്ഷം രൂപ (നോൺപ്ലാൻ)

12. പൂത്തോട്ട പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനും വയനാട് ജില്ലയിലെ തരിഞ്ഞോലിൽ ഒരു പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങുന്നതിനും ആവശ്യമുള്ള അധിക തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകി ഉത്തരവായിട്ടുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-001-98-05-2- ജില്ലാ മെഡിക്കൽ ഓഫീസുകൾ- വൈദ്യുതി ചാർജ്ജ്

ബഡ്ജറ്റ് വിഹിതം - 3 ലക്ഷം രൂപ (നോൺ പ്ലാൻ)

13. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-99-34-1- പ്രാഥമിക ആരോഗ്യകേന്ദ്രം -വെള്ളക്കരം

ബഡ്ജറ്റ് വിഹിതം -1.5 ലക്ഷം രൂപ (നോൺ പ്ലാൻ)

14) വർദ്ധിച്ച നിരക്കിലുള്ള വെള്ളക്കരവും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-74-ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം

ബഡ്ജറ്റ് വിഹിതം :
05-1-വെള്ളക്കരം- 1.65 ലക്ഷം രൂപ (നോൺ പ്ലാൻ)

05-2- വൈദ്യുതി ചാർജ്ജ് - 12 ലക്ഷം രൂപ (നോൺ പ്ലാൻ)

15. ആശുപത്രികളുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും മൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-05-105-74-05-1 എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപയും 2210-05-105-74-05-2 എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

16) മെഡിക്കൽ ഹൗസ് സർജൻമാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടേയും ഡെന്റൽ, നഴ്സിംഗ്, പി.ജി വിദ്യാർത്ഥികളുടെയും പ്രതിമാസ സ്റ്റൈപ്പന്റ് നിരക്കിൽ വന്ന വർദ്ധനവിനെ തുടർന്നുള്ള അധിക ബാധ്യത വഹിക്കുന്നതിന് സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്കായി ആകെ 7592.81 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2210-05-105-98-12 - അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 751.70 ലക്ഷം രൂപ

2210-05-105-97-12 -അലോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട് - 1938 ലക്ഷം രൂപ

2210-05-105-96-12 - അലോപ്പതി മെഡിക്കൽ കോളേജ്, കോട്ടയം - 630 ലക്ഷം രൂപ।

2210-05-105-95-12 -അലോപ്പതി മെഡിക്കൽ കോളേജ്, ആലപ്പുഴ -363 ലക്ഷം രൂപ।

2210-05-105-94-12- അലോപ്പതി മെഡിക്കൽ കോളേജ്, തൃശ്ശൂർ - 725 ലക്ഷം രൂപ।

2210-05-105-49-12-മെഡിക്കൽ കോളേജ്, പൈനാവ്, ഇടുക്കി-33.40 ലക്ഷം രൂപ।

2210-05-105-47-12 -മെഡിക്കൽ കോളേജ്, കൊച്ചി, എറണാകുളം-350.12 ലക്ഷം രൂപ।

2210-05-105-35-12 - മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി കാമ്പസ്, തിരുവനന്തപുരം - 2278.80 ലക്ഷം രൂപ

2210-05-105-93-12 - ദന്തൽ കോളേജ്, കോഴിക്കോട് - 126.13 ലക്ഷം രൂപ।

2210-05-105-92-12 - ദന്തൽ കോളേജ്, തിരുവനന്തപുരം -118.78 ലക്ഷം രൂപ।

2210-05-105-34-12 - ദന്തൽ കോളേജ്, കോട്ടയം - 120.70 ലക്ഷം രൂപ।

2210-05-105-42-12- നഴ്സിംഗ് കോളേജ്, തിരുവനന്തപുരം - 120 ലക്ഷം രൂപ

2210-05-105-41-12-നഴ്സിംഗ് കോളേജ്, കോട്ടയം -3.68 ലക്ഷം രൂപ।

2210-05-105-33-12-നഴ്സിംഗ് കോളേജ്, തൃശ്ശൂർ - 33.50 ലക്ഷം രൂപ

**ആയുഷ് വകുപ്പ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-101-66 - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും

ബഡ്ജറ്റ് വിഹിതം - 1326 ലക്ഷം രൂപ (പ്ലാൻ)

(17) ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണം, നിലവാരം ഉയർത്തൽ, മരുന്നുവാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ദിവസവേതന ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74 - തിരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഭാരതീയ ചികിത്സാരീതിയിലുള്ള സ്പോർട്സ് മെഡിസിനായുള്ള ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 240 ലക്ഷം രൂപ (പ്ലാൻ)

18) സ്പോർട്സ് താരങ്ങളുടെ കഴിവും പ്രകടനവും മെച്ചപ്പെടുത്തുന്നതിനായി ആയുർവ്വേദത്തെ വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച സ്പോർട്സ് ആയുർവ്വേദ റിസർച്ച് സെല്ലിന്റെ നവീകരണത്തിനും, ഗവേഷണ പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ ഓണറേറിയം നൽകുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-64 - വിദ്യാലയ ആരോഗ്യ പരിപാടികൾ

ബഡ്ജറ്റ് വിഹിതം : 180 ലക്ഷം രൂപ. (പ്ലാൻ)

19) വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-65-ജീവനിയും പുനർനവയും

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

20) പ്രമേഹം ഒരു പ്രധാന ആരോഗ്യപ്രശ്നമായി മാറുന്ന സാഹചര്യത്തിൽ പ്രമേഹരോഗത്തെ ഫലപ്രദമായി തരണം ചെയ്യുന്നതിനും പ്രമേഹരോഗികളെ

പുനരധിവസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ ജില്ലകളിൽ തുടങ്ങിയ പദ്ധതി തുടർന്നുപോകുന്നതിനും, ബോധവൽക്കരണ പരിപാടികൾ, മരുന്നുകൾ, മറ്റ് ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-001-99 - ആയുർവ്വേദ ഭാരതീയ ചികിത്സാ രീതി ഡയറക്ടറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : 05-3 - ടെലിഫോൺ ചെലവ് - 1.75 ലക്ഷം രൂപ (നോൺ പ്ലാൻ)

04-4 - അവധി യാത്രാനുകൂല്യം - 35000 രൂപ (നോൺ പ്ലാൻ)

21) ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്രോഡ്ബാന്റ് കണക്ഷൻ എടുക്കുന്നതിനുള്ള അധിക തുകയും നടപ്പു വർഷം ധാരാളം ജീവനക്കാർ വിരമിക്കുന്നതിനാൽ പലരും അവധി യാത്രാനുകൂല്യം പ്രയോജനപ്പെടുത്തുവാൻ സാധ്യതയുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെ പറയുംപ്രകാരം അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-001-99-05- 03 ടെലിഫോൺ ചെലവ് - 2 ലക്ഷം രൂപ

2210-02-001-99-04 - അവധി യാത്രാനുകൂല്യം - 2 ലക്ഷം രൂപ

റവന്യൂ ചെലവിലേയ്ക്കുള്ള ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം:

2210-02-191-50 - കോർപ്പറേഷൻ - 5 ലക്ഷം രൂപ

2210-02-192-50 - മുൻസിപ്പാലിറ്റി - 39.10 ലക്ഷം രൂപ

2210-02-197-50 - ബ്ലോക്ക് പഞ്ചായത്ത് - 6 ലക്ഷം രൂപ

(നോൺ പ്ലാൻ)

22) പതിനാല് ജില്ലകളിലെയും ആയുർവ്വേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവയ്ക്കും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനും, സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ആയി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50 - കോർപ്പറേഷനുകൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ - 2 ലക്ഷം രൂപ

2210-02-192-50 - മുൻസിപ്പാലിറ്റികൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ - 50 ലക്ഷം രൂപ

2210-02-197-50 - ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ - 8 ലക്ഷം രൂപ

2210-05-101-84-04-1 - മാനസികാരോഗ്യ ഗവേഷണ സ്ഥാപനം - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 3000 രൂപ (നോൺ പ്ലാൻ)

23) ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം

2210-05-001-96 - ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം - 44 ലക്ഷം രൂപ (പ്ലാൻ)

24) ആധുനിക ചികിത്സാ രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വീഡിയോ കോൺഫറൻസിംഗ് സംവിധാനവും, ടെലിമെഡിസിൻ സൗകര്യങ്ങളും നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-55 - തിരുവനന്തപുരം സർക്കാർ ആയുർവ്വേദാശുപത്രിയിലെ പ്രത്യേക വയോജന സംരക്ഷണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : ഇല്ല

25) പൂജപ്പുര പഞ്ചകർമ്മ ക്യാമ്പസിൽ കഴിഞ്ഞ വർഷം മുതൽ പ്രവർത്തനം ആരംഭിച്ച ജെറിയാട്രിക് കെയർ യൂണിറ്റിൽ അവശ്യ മരുന്നുകൾ വാങ്ങുന്നതിനും ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനും നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നു സമിതി വിലയിരുത്തുന്നു. ആകയാൽ, പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2210-05-101-50 - ലബോറട്ടറിയും പഠന കേന്ദ്രവും സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (പ്ലാൻ)

26) ആയുർവ്വേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കും അന്താരാഷ്ട്ര നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്നതിനും ലബോറട്ടറി ഉപകരണങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

2210-05-101-95-05-1 - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - 4.3 ലക്ഷം രൂപ (നോൺ പ്ലാൻ)

27. ആയുർവ്വേദ കോളേജിലെയും സബ് ഓഫീസുകളിലേയും, കോളേജിന് കീഴിലുള്ള മൂന്ന് ആശുപത്രികളിലെയും ജല ഉപയോഗം കൂടുതലായതിനാൽ ഈ സ്ഥാപനങ്ങളിലെ വെള്ളക്കരം അടയ്ക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 600 ലക്ഷം രൂപ (നോൺ പ്ലാൻ)

28. ആയുർവ്വേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 2016 ജനുവരി മുതൽ 20,000/- രൂപയായി വർദ്ധിപ്പിച്ചതിനാലും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 25,000/- രൂപയായി വർദ്ധിപ്പിച്ചതിനാലും നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-04-4 - അവധിയാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 60,000/- രൂപ (നോൺ പ്ലാൻ)

29. 2017-ൽ ധാരാളം ജീവനക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുന്നോടിയായി എൽ.റ്റി.സി പ്രയോജനപ്പെടുത്താൻ സാധ്യതയുള്ളതിനാലും അവധിയാത്രാനുകൂല്യം ഇനത്തിൽ 2 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ കൊടുത്തു തീർക്കാനുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റ് ആയുർവ്വേദ കോളേജ്

2210-02-101-99 - തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രികളും പ്രസവ വാർഡും

2210-02-101-99-02- വേതനം

ബഡ്ജറ്റ് വിഹിതം : - 19.20 ലക്ഷം രൂപ (നോൺ പ്ലാൻ)

30) വേതന വർദ്ധനവ് നിലവിൽ വന്നതിനാൽ നിലവിലുള്ള ദിവസവേതനക്കാർക്കും പി.ടി.എസ്. ജീവനക്കാർക്കും വേതനം നൽകുന്നതിന് നിലവിൽ നീക്കിവച്ചിരിക്കുന്ന തുക പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്ന പേവാർഡ് കെട്ടിടത്തിലേക്ക് മതിയായ ജീവനക്കാരെ നിയമിക്കേണ്ടതുമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99-04-4 - അവധിയാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 35,000/- രൂപ (നോൺ പ്ലാൻ)

31) 2017 ൽ ധാരാളം ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനു മുന്നോടിയായി പലരും എൽ.റ്റി.സി. പ്രയോജനപ്പെടുത്തുവാൻ

സാധ്യതയുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക <u>അപര്യാപ്തമാണ്. ആയതിനാൽ 2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-99-24 – <u>സാധനസാമഗ്രികൾ</u>

ബഡ്ജറ്റ് വിഹിതം : 60.50 ലക്ഷം രൂപ (നോൺ പ്ലാൻ)

32) തിരുവനന്തപുരം ആയുർവ്വേദ ആശുപത്രിയിലേക്കും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലേക്കും വാങ്ങുന്ന ഡയറ്ററി സാധനങ്ങൾ, ലാബ് ഐറ്റം, എൽ.പി.ജി., ക്ലീനിംഗ് മെറ്റീരിയൽസ് എന്നിവയുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിലും പുതിയ പേവാർഡ് കെട്ടിടം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി പ്രസ്തുത അവശ്യ സാധനങ്ങളുടെ ചെലവുകൾ വർദ്ധിക്കുന്നതിനാലും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. <u>ആകയാൽ 100 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-96-04-4 – <u>അയുർവ്വേദ ഫാർമസി-അവധി യാത്രാനുകൂല്യം</u>

ബഡ്ജറ്റ് വിഹിതം : 17,000/- രൂപ (നോൺ പ്ലാൻ)

33) ധാരാളം ജീവനക്കാർ 2017 ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനു മുന്നോടിയായി പലരും എൽ.റ്റി.സി. പ്രയോജനപ്പെടുത്തുമെന്നതിനാൽ നടപ്പുവർഷം വകയിരുത്തിയ തുക പര്യാപ്തമല്ല. <u>ആകയാൽ ഈ ശീർഷകത്തിൽ 50,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-96-24 - സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 79.8 ലക്ഷം രൂപ (നോൺ പ്ലാൻ)

34) ആയുർവ്വേദ കോളേജിനോടനുബന്ധിച്ചുള്ള 3 ആശുപത്രികളിലേക്കും, ജെറിയാട്രിക് കെയർ യൂണിറ്റിലേക്കും ആവശ്യമായ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിലേക്കുള്ള അസംസ്കൃത വസ്തുക്കളുടെയും എണ്ണ, എൽ.പി.ജി. എന്നിവയുടെയും വില വർദ്ധിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് കാണുന്നു. ആകയാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-85-04-4- പഞ്ചകർമ്മ ആശുപത്രിയുടെ വികസനം -അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : ഇല്ല

35) ധാരാളം ജീവനക്കാർ 2017 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനു മുന്നോടിയായി എൽ.റ്റി.സി. പ്രയോജനപ്പെടുത്തുവാൻ സാധ്യതയുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ ഈ ശീർഷകത്തിൽ 50,000/- രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-93 -24- ഔഷധ ഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രം- സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 3.30 ലക്ഷം രൂപ (നോൺ പ്ലാൻ)

36) ഔഷധ ഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രത്തിൽ ഉപയോഗിക്കുന്ന സോൾവെന്റുകളുടെയും കെമിക്കലുകളുടെയും വിലയിൽ വർദ്ധനവുണ്ടാകു-ന്നതിനാൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്.

ആകയാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-93-04-4- ആയുർവ്വേദ പ്രാദേശിക ഗവേഷണകേന്ദ്രം- അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

37) 2017 ൽ ധാരാളം ജീവനക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനു മുന്നോടിയായി എൽ.റ്റി.സി. പ്രയോജനപ്പെടുത്തുവാൻ സാധ്യതയുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ല എന്ന് കാണുന്നു. ആകയാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജ്

2210-05-101-96-05-2 - വൈദ്യുതി ചാർജ്

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ (നോൺ പ്ലാൻ)

38) തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-96-12 - സ്കോളർഷിപ്പും സ്റ്റൈപ്പന്റും

ബഡ്ജറ്റ് വിഹിതം : 250 ലക്ഷം രൂപ (നോൺ പ്ലാൻ)

39) തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്നതിലേയ്ക്കായി ഈ

സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-96-21-2 - മോട്ടോർ വാഹനങ്ങൾ - അറ്റകുറ്റപ്പണികൾ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

40) കോളേജിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-96-28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

41) തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ഗസ്റ്റ് ലക്ചർമാർക്ക് റമ്യൂണറേഷൻ നൽകുന്നതിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവണ്മെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ

2210-05-101-79 - ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : 959.70 ലക്ഷം രൂപ (നോൺ പ്ലാൻ)

42) കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം,

വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് തുടങ്ങിയ കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-79-01-4 – മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് - 7.53 ലക്ഷം രൂപ

2210-05-101-79-04-1 - യാത്രാബത്ത - 1.45 ലക്ഷം രൂപ

2210-05-101-79-04-2 - സ്ഥലംമാറ്റ ബത്ത - 28,000 രൂപ

2210-05-101-79-04-4- അവധിയാത്രാനുകൂല്യം - 20,000 രൂപ

2210-05-101-79-05-2 - വൈദ്യുതി ചെലവുകൾ - 5 ലക്ഷം രൂപ

2210-05-101-79-05-3 - ടെലിഫോൺ ചെലവുകൾ - 45,000 രൂപ

2210-05-101-79-06 - വാടക, കരം, നികുതി - 50,000 രൂപ

2210-05-101-79-12 - സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും - 42.70 ലക്ഷം രൂപ

## ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

ബഡ്ജറ്റ് വിഹിതം:

2210-02-101-78-01-4 - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് - 36000 രൂപ

(നോൺ പ്ലാൻ)

2210-02-101-78-05-2 - വൈദ്യുതി ചെലവുകൾ - 3.97 ലക്ഷം രൂപ

(നോൺ പ്ലാൻ)

43) കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ്, ആശുപത്രിയിലെ വൈദ്യുതി

ചെലവ് എന്നീ ആവശ്യങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2210-02-101-78-01-4 എന്ന ശീർഷകത്തിൽ 14.64 ലക്ഷം രൂപയും 2210-02-101-78-05-2 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-65 - ഒല്ലൂർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നേരിട്ട് നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : 991.69 ലക്ഷം രൂപ (നോൺ പ്ലാൻ)

44) ഒല്ലൂർ ആയുർവ്വേദ കോളേജിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളവും മറ്റ് അലവൻസുകളും കുടിശ്ശികയും നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഹോമിയോ ചികിത്സാ വകുപ്പ്

2210-02-001-95 - ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങൾ

ബഡ്ജറ്റ് വിഹിതം :

2210-02-001-95-05-3 - ടെലഫോൺ ചെലവ് - 1.25 ലക്ഷം രൂപ

2210-02-001-95-05-4 - മറ്റിനങ്ങൾ - 2.90 ലക്ഷം രൂപ

2210-02-001-95-06 - വാടക കരം നികുതി - 4.08 ലക്ഷം രൂപ

(നോൺ പ്ലാൻ)

45) ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസുകളിൽ വാടക, കരം, നികുതി ഇനത്തിൽ 26 ലക്ഷം രൂപയോളം കുടിശ്ശിക നൽകാനുണ്ട്. ഈ ഓഫീസുകളിലെ വാടക, കരം, നികുതി, ടെലിഫോൺ ചാർജ്, മറ്റ് ചിലവുകൾ, മുൻ വർഷത്തെ കുടിശ്ശിക എന്നിവ നിർവ്വഹിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-001-95-05-3 - ടെലഫോൺ ചിലവ് - 1.4 ലക്ഷം രൂപ

2210-02-001-95-05-4 - മറ്റിനങ്ങൾ - 1 ലക്ഷം രൂപ

2210-02-001-95-06 - വാടക, കരം, നികുതി - 26 ലക്ഷം രൂപ

2210-02-102-99 -04-1- ആശുപത്രികളും ഡിസ്പെൻസറികളും-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : - 1.22 ലക്ഷം രൂപ (നോൺ പ്ലാൻ)

46). നടപ്പു സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം

## ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്

2210-05-102-99 - ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 02-വേതനം-17.44 ലക്ഷം രൂപ

04-4- അവധി യാത്രാനുകൂല്യം- 50,000 രൂപ

05-3-ടെലഫോൺ ചാർജ്- 40,000 രൂപ

(നോൺ പ്ലാൻ)

47) തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ദിവസവേതനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനും ജീവനക്കാരുടെ അവധി യാത്രാനുകൂല്യം, കോളേജിലെ ടെലഫോൺ ചാർജ് എന്നിവ നൽകുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-99-2-വേതനം- 11.36 ലക്ഷം രൂപ

2210-05-102-99-04- അവധിയാത്രാനുകൂല്യം- 4.5 ലക്ഷം രൂപ.

2210-05-102-99-05-3- ടെലഫോൺ ചാർജ്- 60,000 രൂപ.

2210-05-102-88 - സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : 04-4- അവധി യാത്രാനുകൂല്യം- 1.42 ലക്ഷം രൂപ.

12-സ്കോളർഷിപ്പും സ്റ്റൈപ്പന്റും- 133.10 ലക്ഷം രൂപ.

(നോൺ പ്ലാൻ)

48) സ്വകാര്യ ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനും വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് നൽകുന്നതിനും നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-88-04-4- അവധിയാത്രാനുകൂല്യം- 3.08 ലക്ഷം രൂപ.

2210-05-102-88-12- സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്-152.50 ലക്ഷം രൂപ.

2210-05-102-98 - <u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

ബഡ്ജറ്റ് വിഹിതം : 925.51 ലക്ഷം രൂപ (നോൺ പ്ലാൻ)

49) കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവ അടയ്ക്കുന്നതിനും, മറ്റ് അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള <u>തുക പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-102-98-12- സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്-36.7 ലക്ഷം രൂപ

2210-05-102-98-34-1- വെള്ളക്കരം-1.07 ലക്ഷം രൂപ

2210-05-102-98-34-2-വൈദ്യുതി ചെലവ് -3.4 ലക്ഷം രൂപ

2210-02-102-97 - <u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്</u>

ബഡ്ജറ്റ് വിഹിതം :

02 - <u>വേതനം</u> - 6.78 ലക്ഷം രൂപ

04-2- <u>സ്ഥലം മാറ്റബത്ത</u>- 2000 രൂപ

05-3 - <u>ടെലിഫോൺ ചെലവ്</u> - 20,000 രൂപ

(നോൺ പ്ലാൻ)

50) കോളേജിലെ പാർട്ട് ടൈം ജീവനക്കാർക്ക് വേതനം നൽകുന്നതിനും ജീവനക്കാർക്ക് സ്ഥലം മാറ്റബത്ത, കോളേജിലെ ടെലിഫോൺ ചാർജ്, ബ്രോഡ്ബാന്റ് ചാർജ് എന്നിവ നൽകുന്നതിനും നിലവിലെ വിഹിതം <u>അപര്യാപ്തമായതിനാൽ ചുവടെ ചേർക്കുന്ന ശീർഷകങ്ങൾക്ക് നേരെ</u>

കൊടുത്തിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-97-2 - വേതനം - 50,000/- രൂപ

2210-02-102-97-04-2- സഞ്ചാര മാറ്റബത്ത - 18000 രൂപ

2210-02-102-97-05-3 - ടെലിഫോൺ ചാർജ് - 5000 രൂപ

2210-02-102-97-12- സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്

ബഡ്ജറ്റ് വിഹിതം -90 ലക്ഷം രൂപ (നോൺ പ്ലാൻ)

51. ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 12000 രൂപയിൽ നിന്ന് 17000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93-ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

ബഡ്ജറ്റ് വിഹിതം: 200 ലക്ഷം (പ്ലാൻ)

52. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ആന്റ് ജെറിയാട്രിക് കെയർ" എന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ആവശ്യമായ ഫർണിച്ചറുകളും മറ്റ് മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിലേക്കുമായി നടപ്പുവർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 172 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-200-93-31-ശമ്പളം

ബഡ്ജറ്റ് വിഹിതം: 49.68 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-01-200-93-36-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 12.10 ലക്ഷം രൂപ (നോൺ പ്ലാൻ)

53. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും, മറ്റ് ചെലവുകൾ, ലബോറട്ടറിയിലേക്ക് ആവശ്യമായ റീ ഏജൻറ്സ്, ഫാർമസി എന്നീ ആവശ്യങ്ങൾക്കുമായി നടപ്പുവർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-200-93-31-ശമ്പളം - 50.32 ലക്ഷം രൂപ

2210-01-200-93-36-ശമ്പളേതരം - 37.90 ലക്ഷം രൂപ

**റീജിയണൽ കാൻസർ സെന്റർ**

2210-05-105-52-36 - പ്രാദേശിക അർബുദ ചികിത്സാകേന്ദ്രം

- സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1858 ലക്ഷം രൂപ (നോൺ പ്ലാൻ)

54. പുതിയതായി അനുവദിക്കുന്ന നാഷണൽ പെൻഷൻ സ്കീം നടപ്പിലാക്കുന്നതിന് തൊഴിൽ ഉടമാ വിഹിതമായ തുക നൽകേണ്ടതുള്ളതിനാൽ ഈ തുക നൽകുന്നതിനായി 2210-05-105-52-36 എന്ന ശീർഷകത്തിൽ 187.39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മലബാർ കാൻസർ സെന്റർ

## മലബാർ കാൻസർസെന്ററിനുള്ള സഹായം

2210-05-200-96-35 – മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 1600 ലക്ഷം രൂപ (പ്ലാൻ)

2210-05-200-96-36-സഹായധനം ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1300 ലക്ഷം രൂപ (പ്ലാൻ)

55) മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ കെട്ടിടം നിർമ്മിക്കുക, ജെറിയാട്രിക് ഓങ്കോളജി സേവനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങി നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 970 ലക്ഷം രൂപ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

## ഭക്ഷ്യകാര്യഭരണം

2210-06-102-99-97-വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 20 ലക്ഷം രൂപ (പ്ലാൻ)

56) ഓഫീസ് ആവശ്യത്തിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ സംസ്ഥാനതല ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-04-1- യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 9.90 ലക്ഷം രൂപ (നോൺ പ്ലാൻ)

57) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, സംസ്ഥാനതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസ്സുമായി ബന്ധപ്പെട്ട് വിവിധ കോടതി ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രാബത്ത ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-06- വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

58) ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള 80 ഓളം ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ കോട്ടയം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ ഓഫീസുകൾ എന്നിവ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് വാടക നൽകുന്ന ഇനത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-98-01 - മരുന്നു പരിശോധനശാല - ശമ്പളം

ബഡ്ജറ്റ് വിഹിതം : 986.87 ലക്ഷം രൂപ (നോൺ പ്ലാൻ)

(59) എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ അപ്ഗ്രേഡ് ചെയ്ത തസ്തിക ഉൾപ്പെടെ പുതിയതായി അനുവദിച്ച 50 തസ്തികകളിലേക്ക് ശമ്പള ഇനത്തിൽ ആവശ്യമായ തുക നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ

224 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-06 - ഔഷധ നിയന്ത്രണ കാര്യാലയം - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

(60) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-34-3 - ഔഷധ നിയന്ത്രണ കാര്യാലയം - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 3.50 ലക്ഷം രൂപ (നോൺ പ്ലാൻ)

(61) മരുന്നു സാമ്പിളുകളുടെ പരിശോധനയ്ക്കായി അനുവദിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാലാണ് വിലകൂടിയ മരുന്നുകൾ പരിശോധന നടത്താൻ സാധിക്കാത്തതെന്നും മുൻ വർഷങ്ങളിലായി 5 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ കൊടുത്തു തീർക്കാനുണ്ടെന്നും സമിതി വിലയിരുത്തുന്നു. നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-05-2 - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം - 1.75 ലക്ഷം രൂപ (നോൺ പ്ലാൻ)

(62) മരുന്നു പരിശോധന ലാബുകളിലെ ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും വൈദ്യുതി നിരക്ക് വർദ്ധനവ് മൂലമുള്ള അധിക ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയത് ലാബുകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുമെന്ന് സമിതി

മനസ്സിലാക്കുന്നു. ആകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93-97- മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 1250 ലക്ഷം രൂപ (പ്ലാൻ)

(63) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മറ്റ് പദ്ധതികൾക്കു പുറമേ യൂട്ടിലിറ്റി മന്ദിരത്തിന്റെ നിർമ്മാണം, സെനറ്റ് ഹാളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-31 – സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : ഇല്ല

(64) മെഡിക്കൽ സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നും കഴിഞ്ഞ വർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നടക്കം 6.41 കോടി രൂപ ശമ്പളയിനത്തിൽ ചിലവായിട്ടുള്ളതായും സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ ഹെൽത്ത് മിഷൻ

2210-06-101-19 - ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

ബഡ്ജറ്റ് വിഹിതം - 419 കോടി രൂപ (പ്ലാൻ)

(കേന്ദ്രവിഹിതം : 251.4 കോടി രൂപ, സംസ്ഥാന വിഹിതം : 167.6 കോടി രൂപ)

65) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് 506.41 കോടി രൂപയുടെ NHM പദ്ധതി ആണ് കേന്ദ്രം അംഗീകരിച്ചിട്ടുള്ളത്. ഇതിൽ സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടത് 202.2 കോടി രൂപ ആണ്. 2015-16 സാമ്പത്തിക വർഷം സംസ്ഥാന വിഹിതത്തിൽ കുടിശ്ശിക വന്നിട്ടുള്ള 91.03 കോടി രൂപ അനുവദിച്ചു നൽകിയാൽ മാത്രമേ 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിലുള്ള കേന്ദ്രവിഹിതം മുഴുവനായും സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. നടപ്പുവർഷം പദ്ധതി പൂർത്തീകരണത്തിനായി 87.41 കോടി രൂപയും മുൻവർഷത്തെ കുടിശ്ശിക 91.03 കോടി രൂപയും ഉൾപ്പെടെ 178.44 കോടി രൂപ അധികമായി ആവശ്യമായിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 178.44 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-112-98 - ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് വിഹിതം - 31 കോടി രൂപ (നോൺ പ്ലാൻ)

66) ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയം 1000 രൂപയിൽ നിന്ന് 1500 രൂപ ആയി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപനമുള്ളതിനാൽ അധികമായി 1585.76 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാലും മുൻവർഷം കുടിശ്ശിക ഇനത്തിൽ 449 ലക്ഷം രൂപ വിതരണം ചെയ്യാനുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2035 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)

2210-05-105-36 - ജ്ഞാന ഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 650 ലക്ഷം രൂപ (പ്ലാൻ)

213.27 ലക്ഷം രൂപ (നോൺ പ്ലാൻ)

67) ഐക്കോൺസിൽ നടപ്പിലാക്കി വരുന്ന വ്യക്തികളുടെ വിഭിന്ന ശേഷിക്ക് ആവശ്യമായിട്ടുള്ള പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾക്കും, വിദഗ്ധ ഡോക്ടർമാരുടെയും, തെറാപ്പിസ്റ്റുകളുടെയും, സ്പെഷ്യൽ അധ്യാപകരുടെയും സേവനത്തിനും അക്കാഡമിക് ബ്ലോക്കുകളുടെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾക്കുമായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 162 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 187 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIX

### കുടുംബക്ഷേമം

| | |
|---|---|
| വോട്ട് ചെയ്തത് | - 3,98,42,64,000/- രൂപ |
| ചാർജ്ജ് ചെയ്തത് | - ഇല്ല |

68) കുടുംബക്ഷേമ വിഭാഗത്തിലുള്ള സ്ഥിരം ജീവനക്കാരുടെ ശമ്പളത്തിനും ആരോഗ്യ കുടുംബക്ഷേമ വിഭാഗത്തിന്റെ നടത്തിപ്പിനുമായി കഴിഞ്ഞ സാമ്പത്തിക

വർഷം ഈ ശീർഷകത്തിൽ 448 കോടി രൂപ അനുവദിക്കുകയും 327 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം ഇതുവരെ 100 കോടി രൂപയ്ക്ക് മേൽ ചിലവായിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. കുടുംബക്ഷേമ വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിനും, ജീവനക്കാരുടെ ശമ്പളത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2211-00-003-96 - പ്രാദേശിക കുടുംബക്ഷേമ പരിശീലന കേന്ദ്രങ്ങൾ

01-1 - ശമ്പളം - 129.02 ലക്ഷം രൂപ

01-2 - ക്ഷാമബത്ത - 70 ലക്ഷം രൂപ

2211-00-101-94 - ഐ.സി.ഡി.എസ്. പ്രവർത്തന വികസനം

01-1 - ശമ്പളം - 533.38 ലക്ഷം രൂപ

01-2 - ക്ഷാമബത്ത - 480 ലക്ഷം രൂപ

2211-00-109-98 - പ്രജനനം ശിശുസേവന പദ്ധതി

01-1 - ശമ്പളം - 54.9 ലക്ഷം രൂപ

01-2 - ക്ഷാമബത്ത - 24.22 ലക്ഷം രൂപ

2211-00-200-91 - കിടക്കകൾ, വന്ധീകരണ യൂണിറ്റുകൾ ഇവയുടെ സംരക്ഷണം

01-1 - ശമ്പളം - 49.98 ലക്ഷം രൂപ

01-2 - ക്ഷാമബത്ത - 23.87 ലക്ഷം രൂപ

2211-00-104-92 - ഹെൽത്ത് ട്രാൻസ്പോർട്ട് സംഘടന

01-1 - ശമ്പളം - 64.65 ലക്ഷം രൂപ

01-2 - ക്ഷാമബത്ത - 42.15 ലക്ഷം രൂപ

2211-00-104-93 - റീജിയണൽ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ വാഹന വിതരണവും സംരക്ഷണവും - 28.4 ലക്ഷം രൂപ

2211-00-104-94 - ജില്ലാ കുടുംബക്ഷേമ ബ്യൂറോകളിൽ വാഹന വിതരണവും സംരക്ഷണവും - 176.50 ലക്ഷം രൂപ

2211-00-104-95 - പബ്ലിക് ഹെൽത്ത് കേന്ദ്രങ്ങളിൽ വാഹന വിതരണവും സംരക്ഷണവും - 161.50 ലക്ഷം രൂപ

2211-00-106-98 - സമൂഹ വിദ്യാഭ്യാസം - 32 ലക്ഷം രൂപ

2211-00-800-98 - ധനസഹായം - 398 ലക്ഷം രൂപ

2211-00-001-96- സംസ്ഥാനതല സംഘടന [(കേന്ദ്രാവിഷ്കൃത പദ്ധതി) 60:40]

ബഡ്ജറ്റ് വിഹിതം - 560.83 ലക്ഷം രൂപ (പ്ലാൻ)

69) വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, യാത്രാചെലവുകൾ എന്നീ ഇനങ്ങളിലെ ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2211-00-001-96-01-1 - ശമ്പളം - 101.64 ലക്ഷം രൂപ

2211-00-001-96-01-2 - ക്ഷാമബത്ത - 76.80 ലക്ഷം രൂപ

2211-00-001-96-04-1 - യാത്രാബത്ത - 4.25 ലക്ഷം രൂപ

2211-00-001-96-34 - മറ്റ് ചെലവുകൾ- 3 ലക്ഷം രൂപ

2211-00-001-96-45 - പി.ഒ. എൽ - 2.5 ലക്ഷം രൂപ

2211-00-001-95- നഗരജില്ലാതലത്തിൽ കുടുംബക്ഷേമ ബ്യൂറോകൾ [ലൂപ്പ് നിക്ഷേപ മൊബൈൽ യൂണിറ്റുൾപ്പെടെ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)]

ബഡ്ജറ്റ് വിഹിതം - 2316.57 ലക്ഷം (പ്ലാൻ)

70) 14 ജില്ലാ മെഡിക്കൽ ഓഫീസുകളിലുമുള്ള കുടുംബക്ഷേമ വിഭാഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ഈ ഓഫീസുകളിലെ ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം, ക്ഷാമബത്ത എന്നീ ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2211-00-001-95-01-1 - ശമ്പളം - 760.14 ലക്ഷം രൂപ

2211-00-001-95-01-2 - ക്ഷാമബത്ത- 160.95 ലക്ഷം രൂപ

2211-00-001-95-34-മറ്റ് ചെലവുകൾ - 6.5 ലക്ഷം രൂപ

2211-00-001-95-45 - പി.ഒ.എൽ - 5 ലക്ഷം രൂപ

2211-00-003-95 -ഹെൽത്ത് വിസിറ്റേഴ്സ്, മിഡ് വൈഫുമാർ, ആയമാർ മുതലായവർക്ക് പരിശീലനം [(കേന്ദ്രാവിഷ്കൃത പദ്ധതി) 60:40]

ബഡ്ജറ്റ് വിഹിതം - 464.79 ലക്ഷം രൂപ (പ്ലാൻ)

71) കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള 4 ട്രെയിനിംഗ് സെന്ററുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും ഹെൽത്ത് വിസിറ്റേഴ്സ്, മിഡ് വൈഫുമാർ, ആയമാർ എന്നിവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം, ക്ഷാമബത്ത എന്നിവ നൽകുന്നതിനും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2211-00-003-95-01-1 - ശമ്പളം-208.64 ലക്ഷം രൂപ

2211-00-003-95-01-2 - ക്ഷാമബത്ത-126 ലക്ഷം രൂപ

2211-00-003-95-12 - സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് -5 ലക്ഷം രൂപ

2211-00-101-95 - <u>ഗ്രാമീണ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം - 15058.92 - ലക്ഷം രൂപ (പ്ലാൻ)

72) കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളത്തിനും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രങ്ങളുടെ വാടകയിനത്തിലുള്ള മുൻ വർഷത്തെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപ്പുവർഷത്തെ വാടകചെലവ്, ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവ് എന്നിവ നിർവ്വഹിക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2211-00-101-95-01-1 -ശമ്പളം - 15155.42 ലക്ഷം രൂപ

2211-00-101-95-01-2- ക്ഷാമബത്ത - 7572 ലക്ഷം രൂപ

2211-00-101-95-06 - വാടക, കരം, നികുതി-59.8 ലക്ഷം രൂപ

2211-00-101-95-45 - പി.ഒ. എൽ - 3.8 ലക്ഷം രൂപ

## ധനാഭ്യർത്ഥന നമ്പർ XX

## ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്യുന്നത് - 14,09,32,69,000 രൂപ

ചാർജ് ചെയ്യുന്നത് - ഇല്ല

2215-02-105-99-<u>ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം - 1392.89 ലക്ഷം രൂപ (നോൺ പ്ലാൻ)

73) ശമ്പള പരിഷ്കരണം, വേതന വർദ്ധനവ്, ഇന്ധനവില വർദ്ധനവ് എന്നീ കാരണങ്ങളാലും ജീവനക്കാരുടെ യാത്രബത്ത, ദിവസവേതനക്കാരുടെ വേതനം

എന്നിവ നൽകുന്നതിനും, മരുന്നുകളും കെമിക്കൽസും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും, ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്കായി 92.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2215-02-105-99-02 – വേതനം - 4 ലക്ഷം രൂപ

2215-02-105-99-04-1-യാത്രാബത്ത -80 ലക്ഷം രൂപ

2215-02-105-99-24 – സാധനസാമഗ്രികൾ -6.50 ലക്ഷം രൂപ

2215-02-105-99-34- മറ്റ് ചെലവുകൾ - 2 ലക്ഷം രൂപ

## ധനാഭ്യർത്ഥന നമ്പർ XXX

## ക്ഷേമം - (2236-പോഷകാഹാരം)

വോട്ട് ചെയ്തത് - 7311000 രൂപ

ചാർജ് ചെയ്തത് - ഇല്ല

2236-02-101-99 – പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടികൾ

ബഡ്ജറ്റ് വിഹിതം - (നോൺ പ്ലാൻ)

2236-02-101-99-05-2- വൈദ്യുതി ചെലവ്- 50,000 രൂപ

2236-02-101-99-05-3- ടെലഫോൺ ചാർജ്ജ്- 13,000 രൂപ

74) പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ എന്നീ ഇനങ്ങളിലെ മുൻവർഷത്തെ കുടിശ്ശിക ചിലവുൾപ്പെടെ നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള

<u>തുക അപര്യാപ്തമായതിനാൽ 2236-02-101-99-05-2 (വൈദ്യുതി ചെലവ്) എന്ന ശീർഷകത്തിൽ 92,000/-രൂപയും 2236-02-101-99-05-3 (ടെലഫോൺ ചാർജ്) എന്ന ശീർഷകത്തിൽ 29,000/-രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.